പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1567 11.08.2017-ലെ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി. കണ്ടക്ടർ തസ്തികയിലേക്ക് നിയമനം

ചോദ്യം

ശ്രീ. പാറക്കൽ അബ്ദുല്ല

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞവർഷം ഡിസംബറിൽ കണ്ടക്ടർ തസ്തികയിലേക്ക് അഡ്വൈസ് മെമ്മോ കിട്ടിയ 4051 പേർക്ക് കെ.എസ്.ആർ.ടി.സി. ഇതുവരെ നിയമനം നൽകാത്ത സാഹചര്യമുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അഡ്വൈസ് മെമ്മോ നല്കി മൂന്നു മാസം കഴിഞ്ഞിട്ടും നിയമനം നൽകാത്ത കെ. എസ്. ആർ. ടി. സി. യുടെ നടപടി ചട്ടത്തിനു വിരുദ്ധമാണോയെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ കോർപ്പറേഷൻ അങ്ങേയറ്റം കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട് ഉഴലുകയാണ്. വരവും ചെലവും തമ്മിൽ 140 കോടിയോളം രൂപയുടെ അന്തരം ഉണ്ട്. ജീവനക്കാർക്ക് ശമ്പളവും വിരമിച്ച ജീവനക്കാർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൃത്യമായി നൽകാൻ സാധിക്കുന്നില്ല. ഈ പ്രതിസന്ധി ഘട്ടത്തിലാണ് കേരള സർക്കാർ കെ.എസ്. ആർ.ടി.സി.യുടെ സമഗ്ര പുനരുദ്ധാരണത്തിനായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ടയേർഡ് പ്രൊഫസർ സുശീൽ ഖന്നയെ നിയോഗിച്ചിട്ടുള്ളത്. സൂക്ഷ്മമായ വിശകലനത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ RTC-കളെ അപേക്ഷിച്ച് കെ.എസ്.ആർ.ടി.സി.യിലെ ബസ് ജീവനക്കാരുടെ അനുപാതം വളരെ കൂടുതലാണ്. ഇത് ദേശീയ ശരാശരിയിലേക്ക് എത്തിച്ചാൽ മാത്രമേ കെ.എസ്.ആർ.ടി.സിയുടെ സാന്നിദ്ധ്യവും നിലനിൽപ്പും ഉറപ്പ് വരുത്താൻ സാധിക്കുകയുള്ളൂ. ദേശീയ ശരാശരി 5.5 ആണ്. ടി ദേശീയ ശരാശരിക്ക് ഒപ്പമായി കോർപ്പറേഷനിലെ ബസ്സ് ജീവനക്കാരുടെ അനുപാതം |

| | | | |
|---|---|---|---|
| | | | ക്രമീകരിക്കുമ്പോൾ നിലവിലുള്ള ജീവനക്കാർ തന്നെ അധികമാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള ജീവനക്കാരെ പിരിച്ചു വിടാതെ സർവ്വീസിന്റെ എണ്ണം വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് വിധേയമായി പുതിയ ജീവനക്കാരെ നിയമിക്കുന്നത് പരിഗണിക്കുന്നതാണ്. |
| (സി) | നിയന്ത്രണം നില നിൽക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി 2800 ഒഴിവുകൾ കൂടി പി. എസ്. സിക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; | (സി) | ബഹു. കേരള ഹൈക്കോടതിയുടെ 30.12.2016-ലെ W.P.(c) No. 38994/2016 നമ്പർ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. കണ്ടക്ടർ ഗ്രേഡ് II തസ്തികയിലെ 2500 ഒഴിവുകൾ താൽക്കാലികമായി (Provisional) കേരള പി.എസ്.സി.യ്ക്ക് 14-7-2017-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി WP(C)-യുടെ അന്തിമ വിധിക്ക് അനുസൃതമായി മാത്രമേ ഒഴിവുകളിലേയ്ക്ക് നിയമനം നടത്താൻ പാടുള്ളു എന്ന നിബന്ധനയോടെയാണ് ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ഡി) | പി. എസ്. സി. നിയമന ശിപാർശ അയച്ചശേഷവും വിവിധ ഘട്ടങ്ങളിലായി നിരവധി താൽക്കാലിക ജീവനക്കാരെ കെ.എസ്. ആർ. ടി. സി. യിൽ സ്ഥിരപ്പെടുത്തുകയുണ്ടായോ; ഇതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ഡി) | 31.12.2016-ൽ 4051 പേർക്ക് പി.എസ്.സി കണ്ടക്ടർ തസ്തികയിൽ നിയമന ശുപാർശ നൽകിയിട്ടുണ്ട്. 31.12.2016-ന് ശേഷം കണ്ടക്ടർ തസ്തികയിൽപ്പെട്ട 2 താൽക്കാലിക ജീവനക്കാരെ കെ.എസ്.ആർ.ടി.സി.യിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഇവരെ സ്ഥിരപ്പെടുത്തിയത് 10 വർഷം സർവ്വീസുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള സർക്കാർ ഉത്തരവ് നം. GO(MS)No. 78/2011/TRAN dtd.22.12.2011-ന്റെ അടിസ്ഥാനത്തിൽ നേടിയ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ്. |

**സെക്ഷൻ ഓഫീസർ**